ചെലവഴിച്ച തുക (ലഭ്യമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം)

കോർപ്പറേഷൻ/മുൻസിപ്പാലിറ്റി - രൂ. 1,36,36,332

ഗ്രാമപഞ്ചായത്ത് - രൂ. 6,12,27,466

(സി) ഉണ്ട്.

പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ

282 (1655) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 വർഷത്തെ പഞ്ചായത്തുകളിലെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പെടെ വിശദീകരിക്കാമോ ;

(ബി) പ്ലാൻ എക്സ്പെൻഡിച്ചറിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം കുറവുണ്ടായിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച പരിഹാരമാർഗ്ഗങ്ങൾ വിവരിക്കാമോ ?

ഉത്തരം

(എ) 31-3-2015 വരെയുള്ള താൽക്കാലിക കണക്ക് ചുവടെ ചേർക്കുന്നു :

ഗ്രാമ പഞ്ചായത്ത് - 2095.47 കോടി രൂപ (81%)

ബ്ലോക്ക് പഞ്ചായത്ത് - 5 66.63 കോടി രൂപ (91%)

ജില്ലാ പഞ്ചായത്ത് - 525.59 കോടി രൂപ (84%)

(ബി) 2013-14-നെ അപേക്ഷിച്ച് പ്ലാൻ എക്സ്പെൻഡിച്ചറിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ചെലവഴിക്കാൻ കഴിയാത്ത തുക അടുത്ത വർഷത്തെ നീക്കിയിരിപ്പ് ആയി കണക്കാക്കുന്നതിനാൽ ലാപ്സാകുന്നില്ല.

ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

283 (1656) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി മുഖേന പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്ന സൗകര്യങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ 29-1-2015 സ.ഉ. (എംഎസ്.) നമ്പർ 18/2015/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ താഴെ വിവരിക്കുന്ന മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.

2. ഓഫീസ് സംവിധാനത്തിന്റെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പ് വരുത്തുക.

3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പ് വരുത്തുക.

4. ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രദാന സംവിധാനം തുടർച്ചയായി മെച്ചപ്പെടുത്തുക.

5. ഓഫീസ് സംവിധാനവും ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.

6. പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.

7. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആക്കി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.

8. സ്ത്രീകൾ, ഭിന്നശേഷി ഉള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പ് വരുത്തുന്ന രീതിയിൽ സേവന പ്രദാന സംവിധാനം ഏർപ്പെടുത്തുക.

9. ഗുണനിലവാര സംവിധാനത്തിന്റെ മുഖമുദ്രയായ ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. പൗര സർവ്വേ ഫലങ്ങളുടെ അടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കുകയും വ്യാപകമായി വിതരണം ചെയ്യുകയും ചെയ്യുന്നു.

2. ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തയ്യാറാക്കുന്ന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുന്നു.

3. പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടംഘട്ടമായി ഉറപ്പുവരുത്തുന്നു. ഒന്നാം ഘട്ടമായി (അതായത് ഐ.എസ്.ഒ. സർട്ടിഫിക്കേഷന് മുൻപായി) പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങൾക്ക് ഗുണമേന്മ ഉറപ്പു വരുത്തുന്നു.

4. അതത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കുന്നു.

5. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുന്നു.

6. സേവനങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്നു.

7. മെച്ചപ്പെട്ട ഓഫീസ് സംവിധാനംവഴി ജീവനക്കാർക്ക് മികച്ച രീതിയിൽ ജോലി ചെയ്യുന്നതിന് സാധിക്കുന്നു.

8. റെക്കോർഡ് മാനേജ്മെന്റിലൂടെ രേഖകൾ പെട്ടെന്ന് എടുക്കുന്നതിന് സാധിക്കുന്നു.

9. അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവര ശേഖരത്തെ അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കുന്നു.

10. 1970 മുതലുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ 2008 മുതലുള്ള പൊതുവിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് സ്വമേധയാ ഡൗൺലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നു. കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണവും ഏർപ്പെടുത്തുന്നു.

(സി) ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ 29-1-2015-ലെ സ.ഉ (എംഎസ്.) നമ്പർ 18/2015/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്(പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly